ഡോ.ബെന്നി ജേക്കബ് സി
ബ്ലോക്ക് പ്രോജക്ട് കോ-ഓർഡിനേറ്റർ
സമഗ്രശിക്ഷാ കേരള, അർബൻ റിസോഴ്സ് സെന്റർ , തൃശൂർ - 680618
ഫോൺ : 0487 2380162
ഇ-മെയിൽ urc.tcr@gmail.com

*C.NO.174/2019-20/DATE-03.01.2020*

സ്വീകർത്താവ്,

ജില്ലാ വിദ്യാഭ്യാസ ഓഫീസർ

തൃശൂർ

സർ,

വിഷയം : സമഗ്ര ശിക്ഷ കേരള തൃശൂർ , അർബൻ റിസോഴ്സ് സെന്റർ - എൽപി/യുപി സെവൻസ് ഫുട്ബോൾ ടൂർണമെന്റ് - മാഗസിൻ 2019 -2020 ലേക്ക് ആശംസ സന്ദേശം അനുവദിക്കുന്നത് സംബന്ധിച്ച്

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സമഗ്രശിക്ഷാ കേരള തൃശൂർ അർബൻ റിസോഴ്സ് സെന്ററിന്റെയും തൃശൂർ കോർപ്പറേഷന്റെയും,തൃശ്ശൂർ സ്പോർട്സ് കൗൺസിലിന്റെയും സംയുക്താഭിമുഖ്യത്തിൽ 2017-18 അക്കാദമിക വർഷം മുതൽ 3 വർഷം തുടർച്ചയായി എൽ പി , യു പി വിഭാഗം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി സെവൻസ് ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിച്ചു വരുന്നു. 86 വിദ്യാലയങ്ങളിലായി ആദ്യ വർഷം 86 ടീമുകളും രണ്ടാം വർഷം 94 ടീമുകളും ടൂർണമെന്റിൽ പങ്കെടുക്കുകയുണ്ടായി. നടപ്പു വർഷം 105 ടീമുകളാണ് മത്സരത്തിൽ പങ്കെടുക്കുന്നത്.

കായിക ആരോഗ്യ മാനസിക ശേഷിയുള്ള ഒരു പുതിയ തലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ പദ്ധതിയെ അധ്യാപകരും, രക്ഷിതാക്കളും ,കുട്ടികളും മാത്രമല്ല പൊതു സമൂഹം മുഴുവനായും നെഞ്ചിലേറ്റുകയുണ്ടായി. തൃശൂർ യു ആർ സി യുടെ പരിധിയിലുൾപ്പെടുന്ന കായിക പരിശീലകർ, സുമനസ്സുകൾ എന്നിവരുടെ സഹകരണത്തോടെ സൗജന്യമായി കുട്ടികൾക്ക് പരിശീലനവും, ജേഴ്സി, ഫുട്ബോൾ , ബൂട്ട് എന്നിവയും നൽകി വരുന്നു.

ടൂർണമെന്റിലൂടെ കണ്ടെത്തിയ കായിക പ്രതിഭകൾക്ക് നിരന്തര പരിശീലനവും പ്രോത്സാഹനവും നൽകുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി 2019-20 അക്കാദമിക വർഷം സ്പോർട്സ് മാഗസിൻ തയ്യാറാക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ മാഗസിനിലേക്ക് താങ്കളുടെ സമ്പൂർണ്ണ സഹകരണവും അതോടൊപ്പം ഫോട്ടോയും സന്ദേശവും അയച്ചുതരണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

എന്ന്,

വിശ്വസ്തതയോടെ,

ബ്ലോക്ക് പ്രോജക്റ്റ് കോ -ഓർഡിനേറ്റർ
യു.ആർ.സി തൃശ്ശൂർ

തൃശ്ശൂർ
03/01/2020